"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ വർക്കല താലൂക്കിലെ മണമ്പൂർ വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീമതി രമ്യ യു. ആർ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 2056/2022 നമ്പർ കേസിലെ 19.01.2024 ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(സാധാ) നം.1255/2024/RD തീയതി,തിരുവനന്തപുരം, 03-06-2024

---

പരാമർശം:-

1. 25.11.2005 ലെ സ.ഉ.(പി)നം.501/2005/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 09.02.2010 ലെ സ.ഉ.(പി)നം.61/2010/ധന. നമ്പർ സർക്കാർ ഉത്തരവ്.
3. 05.03.2016 ലെ 19/2016/ധന. നമ്പർ സർക്കുലർ.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 09.11.2017 ലെ എൽ.ആർ.(എൻ3)-13271/14 നമ്പർ കത്തും, 19.01.2024 ലെ എൽ.ആർ./14282/2022-എൽ.ആർ.(എൻ3) നമ്പർ കത്തും.
5. ശ്രീമതി രമ്യ യു.ആർ. സമർപ്പിച്ച 31.05.2022 ലെ നിവേദനം.
6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 19.01.2024 ലെ OA. 2056/2022 നമ്പർ കേസിലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

ശ്രീമതി രമ്യ യു. ആർ. തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിലെ മണമ്പൂർ വില്ലേജ് ഓഫീസിൽ 2001 മുതൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്ത് വരുന്നു. ടി വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100 ച. മീ. ൽ താഴെയായിരുന്നതിനാൽ പരാമർശം (1) പ്രകാരം ശ്രീമതി രമ്യയെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തിയിരുന്നില്ല. തുടർന്ന് മണമ്പൂർ വില്ലേജ് ഓഫീസ് 163.44 ച. മീ. സ്വീപ്പിങ് ഏര്യയുള്ള, പുതുതായി പണി കഴിപ്പിച്ച കെട്ടിടത്തിൽ 11.10.2011 മുതൽ പ്രവർത്തനമാരംഭിച്ചതിനെ തുടർന്ന് മണമ്പൂർ വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി രമ്യ യു. ആർ. നെ ടി തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിലേയ്ക്കായി സ്കെച്ച്, കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ്, സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഒരു പ്രൊപ്പോസൽ പരാമർശം (4) ലെ 09.11.2017 ലെ കത്ത് പ്രകാരം കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ താൽക്കാലിക സ്വീപ്പർമാരുടെ

ക്രമവൽക്കരണത്തിനുള്ള പുതിയ പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി 05.03.2016 ആയി പരാമർശം (3) പ്രകാരം നിജപ്പെടുത്തിയിരുന്നതിനാൽ പ്രസ്തുത ശിപാർശയിന്മേൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിരുന്നില്ല.

(2) തുടർന്ന് മണമ്പൂർ വില്ലേജ് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് തന്നെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി രമ്യ യു. ആർ. സർക്കാർ മുമ്പാകെ പരാമർശം (5) പ്രകാരം ഒരു നിവേദനം സമർപ്പിച്ചിരുന്നു. കൂടാതെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 2056/2022 നമ്പർ കേസും ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിൽ ബഹു. ട്രൈബ്യൂണൽ, സർക്കാരിലേയ്ക്ക് അയച്ച പ്രൊപ്പോസലിന്റെ പകർപ്പോ പുതിയ പ്രൊപ്പോസലോ വിധിന്യായത്തിന്റെ പകർപ്പ് ലഭ്യമായ തീയതി മുതൽ മൂന്ന് ആഴ്ചയ്ക്കകം ലാൻഡ് റവന്യൂ കമ്മീഷണർക്ക് അയക്കുവാൻ മൂന്നാം എതിർകക്ഷിയായ തിരുവനന്തപുരം ജില്ലാ കളക്ടർക്കും, ടി പ്രൊപ്പോസൽ ലഭ്യമായി രണ്ടാഴ്ചയ്ക്കകം ആയത് സർക്കാരിലേയ്ക്ക് അയയ്ക്കുവാൻ കമ്മീഷണർക്കും, ടി പ്രൊപ്പോസൽ ലഭ്യമായ തീയതി മുതൽ രണ്ട് മാസത്തിനകം മണമ്പൂർ വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് കാഷ്വൽ സ്വീപ്പറായ ശ്രീമതി രമ്യ യു.ആർ. നെ 11.10.2011 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുവാൻ സർക്കാരിനും പരാമർശം (6) ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. കൂടാതെ തദനുസൃതമായ ആനുകൂല്യങ്ങൾ അടുത്ത രണ്ട് മാസത്തിനകം ഹർജിക്കാരിക്ക് നൽകുവാനും ബഹു. ട്രൈബ്യൂണൽ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ വർക്കല താലൂക്കിലെ മണമ്പൂർ വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി രമ്യ യു. ആർ. നെ മണമ്പൂർ വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് പ്രസ്തുത വില്ലേജ് ഓഫീസ് 100 ച.മീ. ൽ അധികം സ്വീപ്പിങ് ഏര്യയുള്ള പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച 11.10.2011 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ചും തദനുസൃതമായ ആനുകൂല്യങ്ങൾ ശ്രീമതി രമ്യ യു. ആർ. ന് അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(4) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (6) ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റോയിച്ചൻ തോമസ്
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).
കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീമതി രമ്യ യു. ആർ., കാഷ്വൽ സ്വീപ്പർ, മണമ്പൂർ വില്ലേജ് ഓഫീസ്, വർക്കല താലൂക്ക് ഓഫീസ്, തിരുവനന്തപുരം. (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (27.03.2024 ലെ 2695827/EXP-C2/2/2024/ധന നമ്പർ റിമാർക്സ് പ്രകാരം)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (REV-T1/4/2023-REV)

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 04-06-2024 10:16:46

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പി. എസ്. -ന്

ബഹു. റവന്യൂ മന്ത്രിയുടെ പി. എസ് -ന്.